"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസീയർ ഗ്രേഡ് III ആയ ശ്രീ. ബൈജു സി. പി. ക്ക് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.2942/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/12/2019

---

പരാമർശം:- 1. ശ്രീ. ബൈജു സി. പി. സമർപ്പിച്ച 22.11.2018 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.09.2019ലെ ഇ17-11713/19/സി.ഇ/തസ്വഭവ നമ്പർ കത്ത്.

3. മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ 17.06.2019 ലെ സി5/8911/2019 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയിൽ ഓവർസീയർ ഗ്രേഡ് III ആയ ശ്രീ. സി. പി. ബൈജു, തന്റെ മാതാവിന്റെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രിയിൽ 05.09.2018 മുതൽ 03.10.2018 വരെയുള്ള കാലയളവിൽ ചെലവായ 58,967/- രൂപ (അൻപത്തി എണ്ണായിരത്തി തൊള്ളായിരത്തി അറുപത്തി ഏഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ. ബൈജു സി. പി. യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക 30,007/- രൂപ (മുപ്പതിനായിരത്തി ഏഴ് രൂപ മാത്രം) ആണെന്ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയിൽ ഓവർസീയർ ഗ്രേഡ് III ആയ ശ്രീ. ബൈജു സി. പി. യുടെ മാതാവിന് പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രിയിലെ ചികിത്സയ്ക്കായി 05/09/2018 - 03/10/2018 കാലയളവിൽ ചെലവായ തുകയിൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 24,006/- രൂപ (ഇരുപത്തി നാലായിരത്തി ആറ് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

1. ശ്രീ. ബൈജു സി. പി., ഓവർസീയർ ഗ്രേഡ് III (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

(ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ

4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

5. ധനകാര്യ വകുപ്പ് (05-12-2019ലെ 1361693/L3/672/2019-Fin നമ്പർ കുറിപ്പ് പ്രകാരം)

6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2019.12.?? 21:35:32 IST
Reason: Approved
സെക്ഷൻ ഓഫീസർ